**ഭരണഭാഷ മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ജഗതി, തിരുവനന്തപുരം
**Email Id: dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471 2580756**

**എച്ച്.എസ്.ഇ/5592 /2025 – എഡി ബി2 തീയതി : 22-09-2025**

**സർക്കുലർ**

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം – എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവിലേക്കുള്ള എച്ച്.എസ്.എ, യു.പി.എസ്.എ / എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളുടെ തസ്തികമാറ്റ നിയമനം – സർട്ടിഫിക്കറ്റ് പരിശോധന – സംബന്ധിച്ച്.

സൂചന : **1. 22/09/2025** തീയതിയിലെ ഇതേ നമ്പർ സീനിയോരിറ്റി ലിസ്റ്റ്
**2. 10/09/2025** തീയതിയിലെ ഇതേ നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ **29/12/2020** മുതൽ **01/06/2025** വരെയുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ്, ഫിസിക്സ് & കെമിസ്ട്രി തസ്തികകളിലേക്കുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അധ്യാപകരെ, ജീവനക്കാരെ ഉൾപ്പെടുത്തി സൂചന പ്രകാരം **Provisional Seniority List** പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂചനയിലെ **Provisional Seniority List** ൽ ഉൾപ്പെട്ടിരിക്കുന്ന എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ അധ്യാപകർ ഹയർ

സെക്കൻഡറി വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ, ലാബ് അസിസ്റ്റന്റ് ജീവനക്കാർ എന്നിവർ ചുവടെയുള്ള ഷെഡ്യൂൾ പ്രകാരം അനുബന്ധ രേഖകൾ സഹിതം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ (ഹയർ സെക്കൻഡറി വിഭാഗം) **Certificate Verification** ന് ഹാജരാകണമെന്ന് അറിയിക്കുന്നു.

| വെരിഫിക്കേഷന് ഹാജരാകേണ്ട തീയതി | വിഷയം | പരിശോധനയ്ക്ക് ഹാജരാകേണ്ട അധ്യാപക/ജീവനക്കാരുടെ വിവരം | | | |
|---|---|---|---|---|---|
| | | എച്ച്.എസ്.ടി | യു.പി.എസ്.ടി / എൽ.പി.എസ്.ടി | മിനിസ്റ്റീരിയൽ സ്റ്റാഫ്, പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) | ലാബ് അസിസ്റ്റന്റ് പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) |
| **24/09/2025** | കെമിസ്ട്രി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ **1** മുതൽ **85** വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ **1** മുതൽ **25** വരെയുള്ള അധ്യാപകർ | **NIL** | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ **1** മുതൽ **10** വരെയുള്ള ജീവനക്കാർ |
| | ഇംഗ്ലീഷ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ **1** മുതൽ **20** വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ **1** മുതൽ **10** വരെയുള്ള | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരും | **NIL** |

| | | | | | |
|---|---|---|---|---|---|
| | | | അധ്യാപകർ | | |
| | ഫിസിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 10 വരെയുള്ള അധ്യാപകർ | **NIL** | **NIL** | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 1 മുതൽ 5 വരെയുള്ള അധ്യാപകർ |
| **25/09/2025** | ബോട്ടണി | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 51 മുതൽ 100 വരെയുള്ള അധ്യാപകർ | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 16 മുതൽ 50 വരെയുള്ള അധ്യാപകർ | | |
| **25/09/2025** | ഇക്കണോമിക്സ് | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സീരിയൽ നമ്പർ 101 മുതൽ 120 വരെയുള്ള അധ്യാപകർ | | | |

- ***സൂചന (2) സർക്കുലർ പ്രകാരം സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകാൻ നിർദ്ദേശിച്ചരുന്നിട്ടും ഹാജാരാകുവാൻ സാധിക്കാതിരുന്നവർ 24/09/2025, 25/09/2025 തീയതികളിൽ***

*സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഇനി ഒരു തിയതി അനുവദിക്കുന്നതല്ല.*

- ഓരോ വിഷയത്തിലും തസ്തികമാറ്റ നിയമനങ്ങൾക്കായി വർഷാടിസ്ഥാനത്തിൽ നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ സർക്കാർ ഉത്തരവിന് വിധേയമായി 70:20:5:5 എന്ന അനുപാതത്തിൽ മാത്രമായിരിക്കും അധ്യാപക നിയമനങ്ങൾ നടത്തുക. നിലവിൽ നിയമനം നൽകി അവസാനിപ്പിച്ച റൊട്ടേഷൻ ചാർട്ടിന് തുടർച്ചയായിട്ടായിരിക്കും ഇനി മുതലുള്ള നിയമനങ്ങൾ നടത്തുന്നത്.

| Vacancies | Allotted category |
|---|---|
| 1, 2, 3 | HSA |
| 4 | UPSA/LPSA |
| 5 | Ministerial Staff |
| 6, 7 | HSA |
| 8 | UPSA/LPSA |
| 9, 10 | HSA |
| 11 | Lab Assistant |
| 12, 13 | HSA |
| 14 | UPSA/LPSA |
| 15, 16, 17 | HSA |
| 18 | UPSA/LPSA |
| 19, 20 | HSA |

- ചില വിഷയങ്ങളിൽ 70:20:5:5 എന്ന അനുപാതം കണക്കാക്കുമ്പോൾ ചില വിഭാഗങ്ങൾക്ക് മാറ്റിവയ്ക്കപ്പെടാൻ ഒഴിവുകളില്ലാത്തതാണ്. ഇത്തരം വിഭാഗങ്ങളിലെ അപേക്ഷകരെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

- വെരിഫിക്കേഷനിൽ അവ്യക്തവും അപൂർണവുമായ രേഖകൾ സമർപ്പിക്കുന്നവരെയും, നിശ്ചിത യോഗ്യതകൾ ഇല്ലാത്തവരെയും ഇനിയൊരു മുന്നറിയിപ്പ് കൂടാതെ FINAL LIST ൽ നിന്നും ഒഴിവാക്കുന്നതാണ്. ഓരോ വിഭാഗത്തിനായും കണക്കാക്കിയിട്ടുള്ള ഒഴിവുകളുടെ നിശ്ചിത ഇരട്ടി അധ്യാപകരെ/ജീവനക്കാരെ മാത്രമേ വെരിഫിക്കേഷൻ പ്രക്രിയയിൽ ഉൾപ്പെടുത്തി ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളു.
- Provisional Seniority list ൽ ഉൾപ്പെട്ടിട്ടും സീനിയോരിറ്റിയിൽ ആദ്യം വരാൻ അർഹതയുണ്ടായിട്ടും ആയതിൽ ഉൾപ്പെടാതിരിക്കുകയും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതുമായ ഇത്തരം അധ്യാപകരും/ ജീവനക്കാരും അപേക്ഷ സമർപ്പിച്ച വിഷയങ്ങളിലെ വെരിഫിക്കേഷൻ തീയതികളിൽ മതിയായ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്.
- **സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരായി സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകർ നിയമനം ലഭ്യമാകുമ്പോൾ പ്രസ്തുത തസ്തികയിൽ ജോയിൻ ചെയ്യാതിരിക്കുന്നത് മുഖേന ധാരാളം എൻ.ജെ.ഡി കൾ ഉണ്ടാകുന്നുണ്ട്. ആയത് അർഹരായ മറ്റ് ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്നതും വകുപ്പിന്റെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്നതുമാകയാൽ നിയമനം സ്വീകരിക്കാൻ താൽപ്പര്യമുള്ളവർ മാത്രം സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകാൻ ശ്രദ്ധിക്കുക.**

<u>സീനിയോരിറ്റി</u>

- നിലവിലത്തെ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന (എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ വിഭാഗം, ലാബ് അസിസ്റ്റന്റ് തസ്തികകളിൽ) ജോലിയിൽ പ്രവേശിച്ചവർക്ക് ടി തസ്തികയിലെ പി.എസ്.സി അഡ്വൈസ് തീയതിയാണ് സീനിയോരിറ്റിയായി കണക്കാക്കുന്നത്.
- തസ്തികമാറ്റ നിയമനം മുഖേന നിലവിലത്തെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവർക്ക് തസ്തികമാറ്റ നിയമന ഉത്തരവ് തീയതി മുതൽ

സീനിയോരിറ്റി കണക്കാക്കുന്നതാണ്.

- ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന നിലവിലത്തെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചവർക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ഓർഡർ ഡേറ്റ് ആണ് സീനിയോരിറ്റിയായി കണക്കാക്കുന്നത്.

**<u>സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വരുന്നവർ താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.</u>**

**<u>ഒറിജിനൽ സർട്ടിഫിക്കറ്റുകൾ</u>**

1. ഓൺലൈൻ മുഖേന സമർപ്പിച്ച തസ്തികമാറ്റ അപേക്ഷയുടെ മേലധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. ബന്ധപ്പെട്ട ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയ സർവ്വീസ് സർട്ടിഫിക്കറ്റ് (സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.)
3. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലെ അഡ്വൈസ്/അപ്പോയിന്റ്മെന്റ് ഓർഡർ
4. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലെ റഗുലറൈസേഷൻ & പ്രൊബേഷൻ ഉത്തരവ്
5. എസ്.എസ്.എൽ.സി, പി.ജി, ബി.എഡ്, സെറ്റ് സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും
6. കേരളത്തിനു പുറത്തുനിന്നുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം നേടയവർ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള Equivalence Certificate നിർബന്ധമായും ഹാജരാക്കണം.
7. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ്
8. അന്തർജില്ലാ സ്ഥലംമാറ്റം ആണെങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഉത്തരവ്
9. പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ടി ശൂന്യവേതനാവധി അനുവദിച്ച ഉത്തരവ്, റീ ജോയിനിംഗ് ചെയ്യുന്നതിന് നൽകിയ നിയമന ഉത്തരവ്.
10. എസ്.സി/ എസ്.റ്റി, P H എന്നീ വിഭാഗത്തിലുള്ള അപേക്ഷകർ ആയത്

തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

11. **സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുന്നവർ മേൽ പറഞ്ഞ രേഖകളുടെ ATTEST ചെയ്ത പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.**

Signed by
Santhosh Kumar.T
Date: 22-08-2025 17:20:42

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**